**"ഭരണഭാഷ മാതൃഭാഷ"**

ടെക്ക്2/10/2012/ആർ.എൻ.കെ.പി

18/06/2024
പാലക്കാട്

റീജണൽ എഞ്ചിനീയർ,
ആർ. എൻ. കെ
പാലക്കാട്.

ഡയറക്ടർ,
കെസ്നിക്ക്,
തിരുവനന്തപുരം.

സർ,

വിഷയം: ആർ. എൻ. കെ പാലക്കാട്– കാലപ്പഴക്കമുള്ള സിമന്റ് കോൺക്രീറ്റ് ഉൽപ്പന്നങ്ങൾ ലേലം ചെയ്ത് വിൽക്കുന്നത് സംബന്ധിച്ച്;

സൂചന:
1. ഈ ഓഫീസ്സിൽ നിന്നും അങ്ങേക്ക് അയച്ച കത്ത് നം. ടെക്ക്2/10/2010/ആർ. എൻ. കെ. പി തിയ്യതികൾ, 14/08/23, 26/10/23, 07/02/24, 13/02/24, 04/04/24
2. 08/02/2024, 13/03/2024, 28/05/2024, 11/06/2024 തിയ്യതികളിലെ ഇന്റർ ഓഫീസ് മെമ്മോ നം.KESNIK/1253/2020- 22/OVSR1(TECH)

മേൽ സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

സംസ്ഥാന നിർമ്മിതി കേന്ദ്രം പാലക്കാട് റീജണൽ സെന്ററിനു കീഴിലുള്ള പ്രൊഡക്ഷൻ സെന്ററിൽ സൂക്ഷിച്ചിരിക്കുന്ന കാലപ്പഴക്കമുള്ള സിമന്റ് കോൺക്രീറ്റ് ഹോളോ/ സോളിഡ് ബ്ലോക്ക്, വാതിൽ, ജനൽ കട്ടിളകൾ, ജാളി, അസംസ്കൃത വസ്തുക്കൾ മുതലായവ 01/07/2024 ഉച്ച കഴിഞ്ഞ് 3.30 മണിക്ക് ലേലം ചെയ്ത് വിൽപ്പന നടത്തുവാൻ ഉദ്ദേശിക്കുന്നു. ആയതിന്റെ വിശദാംശങ്ങൾ വെബ്സൈറ്റിൽ പരസ്യം ചെയ്യുന്നതിനായി ഇതോടൊപ്പം സമർപ്പിക്കുന്നു.

വിശ്വാസപൂർവ്വം

GIRISH. M.
Regional Engineer
Kerala State Nirmithi Kendra
Regional Centre, Palakkad

റീജണൽ എഞ്ചിനീയർ

Kerala State Nirmithi Kendra
Regional Centre, Kodumba P.O.
Palakkad
678 551

# കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം

(ഒരു സംസ്ഥാന സർക്കാർ സ്വയം ഭരണ സ്ഥാപനം)
റീജിയണൽ ഓഫീസ്, പാലക്കാട്.
ഗവ. പോളിടെക്നിക്ക് കോളേജ് സ്റ്റാഫ് ക്വോർട്ടേഴ്സിനു എതിർവശം,
കൊടുമ്പ് പോസ്റ്റ്, പാലക്കാട്–678551
ഫോൺ : 0491 2571492, ഇ–മെയിൽ : kesnik.plkd@gmail.com

ടെക്ക്2/10/2012/ആർ.എൻ.കെ.പി

## ലേല പരസ്യം

കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, പാലക്കാട് റീജിണൽ സെന്ററിനു കീഴിലുള്ള പാലക്കാട്, പ്രൊഡക്ഷൻ സെന്ററിൽ സൂക്ഷിച്ചിരിക്കുന്ന കാലപ്പഴക്കമുള്ള സിമന്റ് കോൺക്രീറ്റ് ഹോളോ/ സോളിഡ് ബ്ലോക്ക്, വാതിൽ, ജനൽ കട്ടിളകൾ, ജാളി, അസംസ്കൃത വസ്തുക്കൾ മുതലായവ നിലവിലുള്ള സ്ഥിതിയിൽ പരസ്യ ലേല നിബന്ധനകൾക്ക് വിധേയമായി 01/07/2024 ഉച്ച കഴിഞ്ഞ് 3.30 മണിക്ക് വിൽപ്പന നടത്തുവാൻ ഉദ്ദേശിക്കുന്നു. വിശദ വിവരങ്ങൾ പ്രവൃത്തി സമയത്ത് ഈ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

### ലേല നിബന്ധനകൾ

1. സിമന്റ് കോൺക്രീറ്റ് ഉൽപ്പന്നങ്ങൾ ഇപ്പോൾ നിലവിലുള്ള സ്ഥലത്തും സ്ഥിതിയിലുമായിരിക്കും.
2. നിശ്ചിത വിലയിൽ കുറച്ച് സിമന്റ് കോൺക്രീറ്റ് ഉൽപ്പന്നങ്ങൾ വിൽക്കുന്നതല്ല.
3. ഓഫീസ് പ്രവർത്തി സമയങ്ങളിൽ സിമന്റ് കോൺക്രീറ്റ് ഉൽപ്പന്നങ്ങൾ നേരിട്ട് കണ്ട് പരിശോധിക്കാവുന്നതാണ്
4. ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവർ **7900/–** രൂപ നിരതദ്രവ്യം കെട്ടി വക്കേണ്ടതാണ്.
5. നിരത ദ്രവ്യം **01/07/2024 ഉച്ചക്ക് 1.00 മണി** വരെ മാത്രമേ സ്വീകരിക്കുകയുള്ളൂ.
6. ലേലം **01/07/2024 ഉച്ചക്ക് 3.30 മണിക്ക്** ആരംഭിക്കുന്നതാണ്.
7. വിൽപ്പന സംസ്ഥാന നിർമ്മിതി കേന്ദ്രം ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി മാത്രമായിരിക്കും.
8. ലേലത്തിൽ കൂടുതൽ തുക സമർപ്പിക്കുന്നയാൾ ലേലം കൊണ്ട തുകയുടെ 25% അന്നേ ദിവസം തന്നെ കെട്ടി വക്കേണ്ടതും ബാക്കി തുക കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം ചീഫ് ടെക്നിക്കൽ ഓഫീസർ ലേലം സ്ഥിരപ്പെടുത്തി നൽകി 7 ദിവസത്തിനകം ഈ ഓഫീസിൽ അടച്ച് ലേലം കൊണ്ട സാമഗ്രികൾ കൈപറ്റേണ്ടതാണ്. അല്ലാത്ത പക്ഷം നിരതദ്രവ്യം/കെട്ടി വച്ച തുക കണ്ടുകെട്ടുന്നതാണ്.
9. ലേലം കൊണ്ടയാൾ സിമന്റ് കോൺക്രീറ്റ് ഉൽപ്പന്നങ്ങൾ സ്വന്തം ചിലവിൽ നീക്കം ചെയ്യേണ്ടതാണ്. കയറ്റിറക്ക്, കടത്ത് ജോലികൾ സംസ്ഥാന നിർമ്മിതി കേന്ദ്രം വഹിക്കുന്നതല്ല. ലേലം കൊണ്ട തുകയിന്മേൽ 18% ജി.എസ്.ടി ഈടാക്കുന്നതാണ്.
10. അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് കാരണം കാണിക്കാതെ തന്നെ ലേലം നിർത്തി വക്കുന്നതിനും മറ്റൊരു ദിവസത്തേക്ക് മാറ്റി വെക്കുന്നതിനും ലേല നിബന്ധനകളിൽ മാറ്റം വരുത്തുന്നതിനും ഉള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.
11. മറ്റു വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ **0491–2571492** എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.
12. ലേല ദിവസം എന്തെങ്കിലും കാരണത്താൽ അവധി പ്രഖ്യാപിക്കുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ലേലം നടത്തുന്നതാണ്. മറ്റു നിബന്ധനകൾക്ക് മാറ്റമുണ്ടാവുന്നതല്ല.

പാലക്കാട്
18/06/2024

റീജിണൽ എഞ്ചിനീയർ

GIRISH
Regional Engineer
Kerala State Nirmithi Kendra
Regional Centre, Palakkad